വാർത്താക്കുറിപ്പ്
**2026 ഒക്ടോബർ 15**

പരീക്ഷ മാറ്റിവെച്ചു

ഒക്ടോബർ 16-ന് നടത്താൻ നിശ്ചയിച്ചിരുന്ന സർവകലാശാലാ പരീക്ഷകൾ മാറ്റിവെച്ചു. പുതുക്കിയ തീയതികൾ വെബ്സൈറ്റിൽ.

പി.ആർ.ഓ./932/2026

അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകൾ

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി, ഗ്രാജ്വേറ്റ് സ്കൂൾ, എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർമാർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

ഹിന്ദി, മൈക്രോബയോളജി/ബയോടെക്നോളജി, പരിസ്ഥിതി ശാസ്ത്രം എന്നീ വിഷയങ്ങളിലാണ് ഒഴിവുകൾ. സംവരണ വ്യവസ്ഥകൾ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. യു.ജി.സി. യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. 2026 ജനവരി ഒന്നിന് 70 വയസ്സിൽ കവിയരുത്. പ്രതിമാസം 40,000 രൂപയാണ് പ്രതിഫലം.

താൽപര്യമുള്ളവർ സർവകലാശാലയുടെ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോം പൂരിപ്പിച്ച് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഇ-മെയിൽ മുഖേന ഒക്ടോബർ 24നള്ളിൽ അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക്: mgu.ac.in

പി.ആർ.ഓ./933/2026

ഹ്രസ്വകാല കോഴ്സുകൾ

മഹാത്മാഗാന്ധി സർവകലാശാല വിവിധ ഹ്രസ്വകാല കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 'സ്മാർട്ട്ഫോൺ വീഡിയോ എഡിറ്റിംഗ് കോഴ്സ് ഫോർ ബിഗിനേഴ്സ്', 'പ്ലാന്റ് പ്രൊപ്പഗേഷൻ ടെക്നിക്സ് ആൻഡ് നഴ്സറി മാനേജ്മെന്റ്', 14 ദിവസത്തെ പരിശീലന പരിപാടിയായ 'മാസ്റ്ററിംഗ് ഇന്ത്യൻ സ്റ്റോക്ക് മാർക്കറ്റ് – എ 14 ഡേ ഇമ്മേഴ്സീവ് ജേർണി' എന്നിവയാണ് കോഴ്സുകൾ. വിശദവിവരങ്ങൾക്ക്: mgu.ac.in

പി.ആർ.ഓ./934/2026

തൊഴിൽമേള

മഹാത്മാഗാന്ധി സർവകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിലെ മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 24-ന് രാവിലെ 10 മുതൽ സൗജന്യ തൊഴിൽമേള നടത്തും. സ്വകാര്യ സ്ഥാപനങ്ങളിലെ 400-ഓളം ഒഴിവുകളിലേക്ക് എസ്.എസ്.എൽ.സി. മുതൽ പി.ജി., /ഡിപ്ലോമ/ബി. ടെക് /എം.ബി.എ. ഉൾപ്പെടെ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ ഒക്ടോബർ 23-നകം shorturl.at/H1WUk വഴി രജിസ്റ്റർ ചെയ്യണം. സ്പോട്ട് രജിസ്ട്രേഷനും സൗകര്യമുണ്ട്. വിവരങ്ങൾക്ക്: 0481-2731025, 9495628626, 6282317660.

പി.ആർ.ഓ./935/2026

പരീക്ഷക്ക് അപേക്ഷിക്കാം

ഏഴാം സെമസ്റ്റർ ഐ.എം.സി.എ. (2023 അഡ്മിഷൻ റഗുലർ / 2020- 22 അഡ്മിഷൻ സപ്ലിമെന്ററി / 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മേഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് നവംബർ 2 വരെ അപേക്ഷിക്കാം. നവംബർ 3, 4 തീയതി വരെ ഫൈൻ, സൂപ്പർ ഫൈൻ എന്നിവയോട് കൂടി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

——---

ഒൻപതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എ. ഇൻ ലാംഗ്വേജസ് - ഇംഗ്ലീഷ്, ഇന്റഗ്രേറ്റഡ് എം.എസ്. സി ബേസിക് സയൻസസ് (ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്), ഇന്റഗ്രേറ്റഡ് എം.എസ്. സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ഡാറ്റ സയൻസ്) (2022 അഡ്മിഷൻ റഗുലർ / 2020 -2021 അഡ്മിഷനുകൾ സപ്ലിമെന്ററി) നവംബർ 2026 പരീക്ഷകൾക്ക് നവംബർ രണ്ട് വരെ

അപേക്ഷിക്കാം. ഫൈനോട് കൂടി നവംബർ 3 വരെയും, സൂപ്പർ ഫൈനോട് കൂടി നവംബർ 4 വരെയും അപേക്ഷിക്കാവുന്നതാണ്.

പി.ആർ.ഓ./936/2026

പരീക്ഷാഫലം

നാലാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ. സോഷ്യോളജി (2024 അഡ്മിഷൻ റഗുലർ / 2019 - 2023 അഡ്മിഷൻസ് റീ-അപ്പീയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 29ന മുമ്പായി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

—-------

നാലാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ. ഫിലോസഫി (2024 അഡ്മിഷൻ റഗുലർ / 2019 - 2023 അഡ്മിഷൻസ് റീ-അപ്പീയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 30 നകം ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

പി.ആർ.ഓ./937/2026

പബ്ലിക് റിലേഷൻസ് ഓഫീസർ